# ഗൾഫിലേക്ക് കൂടുതൽ വിമാനസർവീസ് തുടങ്ങണം: ഹസ്സൻ

പ്രത്യേക ലേഖകൻ

**തിരുവനന്തപുരം:** അവധിക്കാലത്ത് ഗൾഫ് രാജ്യങ്ങളിലേക്ക് എയർഇന്ത്യ കൂടുതൽ വിമാന സർവീസുകൾ നടത്താനും അവ കൃത്യമായി ഓടിക്കാനും സംവിധാനം ഉണ്ടാക്കണമെന്ന് 'റൂട്ട്സ്' ചെയർമാൻ എം.എം. ഹസ്സൻ എം.എൽ.എ. പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

ഗൾഫ് രാജ്യങ്ങളിൽ സ്കൂൾ അവധിയായതുകാരണം യാത്രക്കാരുടെ എണ്ണം വർധിച്ചിരിക്കുകയാണ്. എയർഇന്ത്യയാണ് ഗൾഫിലേക്ക് സർവീസ് നടത്തുന്ന കുത്തക കമ്പനി. മലയാളികൾക്ക് എയർഇന്ത്യയെ ആശ്രയിക്കുന്നതു കാരണം വളരെയധികം ബുദ്ധിമുട്ടുകളും ദുരിതവും അനുഭവിക്കേണ്ടിവരികയാണ്. കഴിഞ്ഞ ഒരാഴ്ച സൗദി അറേബ്യയിലായിരുന്ന തനിക്ക് മലയാളികളുടെ ദുഃഖം മനസ്സിലാക്കാൻ കഴിഞ്ഞതായി അദ്ദേഹം പറഞ്ഞു.

കഴിഞ്ഞയാഴ്ച ജിദ്ദ വിമാനത്തിൽ നിന്ന് എയർ ഇന്ത്യ മുപ്പതോളം യാത്രക്കാരെ ഓഫ് ലോഡ് ചെയ്തു. സൗദി അറേബ്യയിലെ വിദൂര സ്ഥലങ്ങളിൽ നിന്ന് വന്നവർക്ക് അന്ന് വളരെയധികം ബുദ്ധിമുട്ടേണ്ടിവന്നു. അതുപോലെയാണ് സാങ്കേതിക തകരാറ് കാരണം എയർഇന്ത്യ വിമാനം മുടക്കുന്നത്. കുടുംബസമേതം യാത്ര ചെയ്യുന്നവരാണ് ഇതുമൂലം ഏറെ കഷ്ടപ്പെടുന്നത്. ഈ പരാതി പരിഹരിക്കാൻ എയർക്രാഫ്റ്റ് മെയിന്റനൻസ് ഫലപ്രദമാക്കണമെന്നും ഹസ്സൻ ആവശ്യപ്പെട്ടു.

മറ്റൊരു എയർലൈൻസും സാങ്കേതിക തകരാറുകളുടെ പേരിൽ വിമാന സർവീസ് മുടക്കാറില്ല. പഴയ വിമാനങ്ങൾ വാടകയ്ക്കെടുക്കുന്നതിന് പകരം പുതിയ വിമാനങ്ങളാണ് എയർഇന്ത്യ വാടകയ്ക്കെടുക്കേണ്ടത്. എയർഇന്ത്യ ബജറ്റ് എയർലൈൻസ് ആരംഭിച്ചതോടെ അത്തരം റൂട്ടുകളിലെ മറ്റ് സർവീസുകൾ റദ്ദ് ചെയ്യുകയും ചെയ്തു. ഇതുകാരണം ബജറ്റ് എയർ ലൈനിൽ ടിക്കറ്റ് കിട്ടാത്ത യാത്രക്കാർ കഷ്ടപ്പെടുകയാണ്.

കഴിഞ്ഞ 25 വർഷമായി എയർഇന്ത്യ മലയാളികളെ പിഴിയുകയാണ്. ഇനിയും അധികാരികൾ ഇത് മനസ്സിലാക്കിയില്ലെങ്കിൽ ഒരു പൊട്ടിത്തെറി തന്നെ ഉണ്ടാകുമെന്ന് ഹസ്സൻ മുന്നറിയിപ്പ് നൽകി.

വിദേശ വിമാനക്കമ്പനികൾക്ക് ഇഷ്ടംപോലെ ഇവിടെനിന്ന് സർവീസ് നടത്താൻ അനുവാദം നൽകിയിരുന്നുവെങ്കിൽ ടിക്കറ്റ് നിരക്ക് കുറയുക മാത്രമല്ല നല്ല സേവനം നൽകാനും എയർഇന്ത്യ നിർബന്ധിതമാകുമായിരുന്നു. എയർഇന്ത്യ യൂറോപ്പിലേക്ക് ഓപ്പൺ പോളിസിക്ക് തയ്യാറാണെങ്കിൽ എന്തുകൊണ്ട് ഗൾഫ് മേഖലയിൽ ആയിക്കൂടെന്ന് അദ്ദേഹം ചോദിച്ചു.

സൗദി അറേബ്യയിൽ ജയിലിൽ കിടക്കുന്ന കുമാർ എന്നയാളിന്റെ മോചനത്തിനായി ഗൾഫിലെ മലയാളികൾ ഒരു ഫണ്ട് സ്വരൂപിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് മുഖ്യമന്ത്രി സൗദിയിലെ ഇന്ത്യൻ അംബാസഡർക്ക് എഴുതും. 4.5 ലക്ഷം സൗദി റിയാലാണ് കെട്ടിവെക്കേണ്ടത്. കുമാർ ഓടിച്ചിരുന്ന വാഹനം മുട്ടി രണ്ടുപേർ മരിക്കാനിടയായ സംഭവത്തെത്തുടർന്നാണ് ഇത്ര വലിയ തുക കോടതി ശിക്ഷിച്ചത്. ഗൾഫ് മലയാളികളുടെ ഉദാരമായ സംഭാവന ഇതിനാവശ്യമാണെന്ന് ഹസ്സൻ പറഞ്ഞു.

അടുത്ത ആഗസ്ത് 5, 6 തീയതികളിൽ തിരുവനന്തപുരത്ത് വിദേശി മലയാളി കൂട്ടായ്മയായ 'സമവായം' നടക്കും. അതോടനുബന്ധിച്ച് ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുന്ന പത്രപ്രവർത്തകർക്കും ചാനലിനും ഓരോ അവാർഡ് നൽകുന്നുണ്ട്. എൻട്രികൾ റൂട്ട്സിന്റെ ചീഫ് എക്സിക്യൂട്ടീവിന് ജൂലായ് 15നകം അയയ്ക്കേണ്ടതാണ്.

സൗദിയിലും മറ്റ് ഗൾഫ് രാജ്യങ്ങളിലും ഇന്ത്യൻ എംബസികളിൽ മലയാളി ഉദ്യോഗസ്ഥരെ വേണ്ടത്ര നിയമിക്കാത്തത് കാരണം അവിടങ്ങളിൽ മരിക്കുന്നവരുടെ മൃതശരീരംപോലും കൃത്യമായി നാട്ടിലെത്തിക്കാൻ കഴിയുന്നില്ലെന്ന് ഹസ്സൻ ചൂണ്ടിക്കാട്ടി.

# മുടങ്ങിക്കിടന്നയിടത്തുനിന്ന് 'പാഠം' വീണ്ടും

സ്വന്തം ലേഖകൻ

കൊല്ലം: സി.പി.എമ്മിന്റെ പ്രത്യയശാസ്ത്ര

അദ്ദേഹം പറയുന്നത്. പ്രസിദ്ധീകരണം നിർത്തിവച്ചപ്പോഴും പാഠത്തിനെതിരെ പാർട്ടി സംസ്ഥാനനേതൃത്വം അക്കമിട്ട്

പി. ഗോവിന്ദപ്പിള്ളയെ ഉപയോഗിച്ച് പാർട്ടി പ്രത്യയശാസ്ത്രത്തെയും ഇ.എം.എസ്സിനെയും ആക്രമിച്ചുകൊണ്ടുള്ള